Draft #5 of File 5892/ACB4-1/2026/ACB 4 Approved by ASSISTANT REGISTRAR II (ACADEMIC) on 22-Oct-2026 05:00 PM - Page 1

മഹാത്മാഗാന്ധി സർവകലാശാല, കേരളം

സംഗ്രഹം

എറണാകുളം, സെന്റ് ആൽബെർട്സ് കോളേജിലെ അധ്യാപികയായ ഡോ. ദിവ്യ മേരി ഡയസ് എസ് -ന്റെ മുൻകാല സേവനം പരിഗണിച്ച് അസ്സോസിയേറ്റ് പ്രൊഫസർ (അക്കാഡമിക് ലെവൽ 13A) -ലേക്കുള്ള സ്ഥാനക്കയറ്റ ശിപാർശയിന്മേൽ അപ്രൂവലിനു വേണ്ടിയുള്ള സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശ - മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് ബി 4 സെക്ഷൻ

നമ്പർ. 9239/ACB 4/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.10.2026

പരാമർശം:-1. ഡോ. ദിവ്യ മേരി ഡയസ് എസ് -ന്റെ അസ്സോസിയേറ്റ് പ്രൊഫസർ (അക്കാദമിക് ലെവൽ 13A) -ലേക്കുള്ള സ്ഥാനക്കയറ്റ അംഗീകാര ശിപാർശ നമ്പർ എസ്.എ.സി.എ /2025/PRIN/MGU/218.

2. 09.05.2024 തീയതിയിലെ കത്ത് നം എഫ് 3/65/2024-ഉവിവ & 17.06.2025 തീയതിയിലെ GO(P)No.75/2025/FIN ഉത്തരവ്.

3. 10.10.2025 തീയതിയിലെ GO(P)No.125/2025/FIN ഉത്തരവ്.

4. ബഹു. കേരളഹൈക്കോടതിയുടെ WP(C) No. 25526/2025 കേസിന്മേലുള്ള 13.01.2026 തീയതിയിലെ വിധിന്യായം.

5. 06.02.2026 തീയതിയിലെ GO(P)No.17/2026/FIN ഉത്തരവ്.

6. 13.06.2026 തീയതിയിൽ ഡോ. ദിവ്യ മേരി ഡയസ് എസ് ഫയൽ ചെയ്ത കോടതി അലക്ഷ്യ ഹർജി നമ്പർ 1603/2026.

7. 05.06.2026 തീയതിയിലെ അപ്പ്രൂവലിനു വേണ്ടിയുള്ള സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് ഇനം നമ്പർ 68777/ACB4-1/2025 & 5892/ACB4-1/2026/ACB4.

ഉത്തരവ്

എറണാകുളം, സെന്റ് ആൽബെർട്സ് കോളേജിലെ അധ്യാപികയായ ഡോ. ദിവ്യ മേരി ഡയസ് എസ്-ന്റെ കൊല്ലം, ഫാത്തിമ മാതാ കോളേജിലെ മുൻകാല സേവനം കൂടി പരിഗണിച്ച് അസ്സോസിയേറ്റ് പ്രൊഫസർ (അക്കാദമിക് ലെവൽ 13A) സ്ഥാനക്കയറ്റം അംഗീകരിക്കുന്നതിനായി സൂചന (1) പ്രകാരം ടി കോളേജ് പ്രിൻസിപ്പൽ ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ സൂചന (2) പ്രകാരം മുൻകാല സേവനം CAS സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടതില്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ടായിരുന്നു.

സൂചന (3) പ്രകാരം മുൻകാല സേവനം പരിഗണിച്ച് സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി ടി അദ്ധ്യാപിക ഫയൽ ചെയ്ത റിട്ട് പെറ്റിഷന്മേൽ സൂചന (4) പ്രകാരം ബഹു. കേരള ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുകയും അതിൻ പ്രകാരം ടി അദ്ധ്യാപികയുടെ സ്ഥാനക്കയറ്റ ശിപാർശ അപ്പ്രൂവലിന് വേണ്ടിയുള്ള സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി (SSCA)-യുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു .

സൂചന (5) & (6) പരിഗണിച്ച 05.06.2026 തീയതിയിലെ SSCA, സൂചന (7) പ്രകാരം ചുവടെ നൽകിയിട്ടുള്ള കാര്യങ്ങൾ സൂചിപ്പിച്ച് സർക്കാരിലേക്ക് കത്തയക്കുവാൻ ശിപാർശ ചെയ്തു.

1. GO(P)No. 17/2016/FIN dtd 06.02.2026 ഉത്തരവിലെ prospective effect എന്ന പരമാർശം ബാധകമാകുന്ന തീയതിയായ 06.02.2026-ന് നിയമപരമായി യാതൊരു പ്രാധ്യാനവുമില്ല.
2. 10.10.2025 തീയതിയിലെ ഉത്തരവ് പ്രകാരം നിരവധിപേർ പ്രമോഷൻ നേടിയിട്ടുണ്ട്.
3. GO(P)No. 17/2016/FIN-ലെ prospective effect എന്ന പരമാർശം UGC റെഗുലേഷനും MG Statute നും വിരുദ്ധമാണ്.
4. നിലവിൽ പല ഘട്ടങ്ങളിൽ പ്രമോഷൻ നേടിയവരെ ഇത് വളരെ ദോഷകരമായി ബാധിക്കും.
5. 10.10.2025 ലെ ഉത്തരവ് മുതൽ 06.02.2026 ലെ ഉത്തരവ് വരെ നിരവധി പേര് Prior Service പരിഗണിച്ച് promotion നേടിയിട്ടുണ്ട്, എന്നാൽ 06.02.2026 മുതൽ നിരവധി പേർക്ക് കിട്ടാതെയുമുണ്ട്. ഇവിടെ തുല്യ നീതിയുടെ ലംഘനമാണ് സംഭവിച്ചിരിക്കുന്നത്. ഇക്കാരണത്താൽ 06.02.2026 -ലെ ഉത്തരവിൽ നിയമപരമായ സാധുത ഉണ്ടോ എന്നത് പരിശോധിക്കേണ്ടതുണ്ട്.

പ്രസ്തുത ശിപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അധ്യായം III, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ.രതീഷ് കുമാർ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
2. രജിസ്ട്രാറുടെ / പരീക്ഷ കോൺട്രോളറുടെ / ഫിനാൻസ് ഓഫീസിറിന്റെ പി എ.
3. പ്രിൻസിപ്പൽ, സെന്റ് ആൽബെർട്സ് കോളേജ്, എറണാകുളം.
4. മാനേജർ, സെന്റ് ആൽബെർട്സ് കോളേജ്, എറണാകുളം.
5. ഡോ. ദിവ്യ മേരി ഡയസ് എസ്, സെന്റ് ആൽബെർട്സ് കോളേജ്, എറണാകുളം.
6. ലീഗൽ സെക്ഷൻ, എ സി സി 1/2 സെക്ഷൻ, ആക്ഷൻ ടേക്കൺ റിപ്പോർട്ട്
7. ഐ ക്യൂ എ സി /പി ആർ ഒ സെക്ഷൻ.
8. റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 5892/ACB4-1/2026/ACB 4 Approved by ASSISTANT REGISTRAR II (ACADEMIC) on 22-Oct-2026 05:00 PM - Page 2

The document is digitally approved. Hence signature is not needed.